# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3338** **25.06.2012 ൽ മറുപടിക്ക്**

***5 കോടി രൂപയുടെ വികസന പദ്ധതികൾ***

| | ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | ഉത്തരം<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
|---|---|---|
| എ. | 2012-13 ബജറ്റിൽ പ്രഖ്യാപിച്ച ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 5 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ; | വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ശുചിത്വം, റോഡുകൾ, പാലങ്ങൾ, കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി ഓരോ മണ്ഡലത്തിലെയും പശ്ചാത്തല സൗകര്യ വികസനത്തിനുതകുന്ന പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്യുന്നത്. ഇങ്ങനെ ഓരോ മണ്ഡലത്തിലും അഞ്ചിൽ കവിയാത്ത എണ്ണം പദ്ധതികൾ ഓരോ വർഷവും പൂർത്തിയാക്കാൻ കഴിയും വിധം പദ്ധതി നടപ്പിലാക്കണമെന്നാണ് ലക്ഷ്യമിടുന്നത്. |
| ബി. | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | 11.06.2012-ലെ ജി.ഒ.(പി)നം.332/2012/ധന, 12.06.2012-ലെ ജി.ഒ.(പി)നം.337/2012/ധന. എന്നിവ പ്രകാരം ഇത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി. | ഓരോ മണ്ഡലത്തിലും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പൊതുവികസന പ്രവർത്തനങ്ങൾ കൂടാതെയാണോ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 5 കോടി രൂപയുടെ പ്രത്യേക പദ്ധതി എന്ന് വ്യക്തമാക്കാമോ? | അതെ. |

അക്കൗണ്ട്സ് ഓഫീസർ